"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം-എയ്ഡഡ്- മലപ്പുറം ജില്ലയിലെ എളയൂർ എം.എ.ഒ.യു.പി.എസിലെ ഫുൾടൈം അറബിക് ടീച്ചറായ ശ്രീമതി. റസീന.കെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 13072/2020 മേലുള്ള 01/07/2020 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എസ് സി) വകുപ്പ്

സ.ഉ.(കൈ) നം.192/2021/പൊ.വി.വ തീയതി.തിരുവനന്തപുരം. 02/09/2021

---

പരാമർശം:-

1 06/03/2019 ലെ സ.ഉ(കെ)29/2019/പൊ വി വ നമ്പർ ഉത്തരവ്
2. ശ്രീമതി. റസീന.കെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 13072/2020 നമ്പർ നം റിട്ട് ഹർജി
3. ശ്രീമതി. റസീന.കെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 13072/2020 മേലുള്ള 01/07/2020 ലെ വിധിന്യായം
4. 26/07/2018 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ.പി (3) 20837/2012/ഡി.പി.ഐ നമ്പർ കത്ത്
5. 4/12/2020 ലെ അരീക്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ എളയൂർ എം.എ.ഒ.യു.പി.എസിലെ ഫുൾടൈം അറബിക് ടീച്ചറായിരുന്ന ശ്രീമതി. റസീന.കെ ബഹു. ഹൈക്കോടതിയിൽ പരാമർശം 2 പ്രകാരം ഫയൽ ചെയ്ത റിട്ട് ഹർജി നം. 13072/2020 മേലുള്ള പരാമർശം 3 വിധിന്യായത്തിൽ Ext P4. P5 എന്നിവയുടെ വെളിച്ചത്തിൽ ഹർജിക്കാരിയെയും 3 -ാം എതിർ കക്ഷിയേയും നേരിൽ കേട്ടതിനുശേഷം Ext P7 മൂന്നു മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളേയും ഗൂഗിൾ മീറ്റ് മുഖേന 12/09/2020 തീയതിയിൽ നേരിൽ കേട്ടിരുന്നു.

എളയൂർ എം. എ. ഒ. യു. പി. സ്കൂളിൽ 14.07.2011 ൽ ഫുൾടൈം അറബിക് ടീച്ചറായി മാനേജർ തന്നെ നിയമിച്ചുവെങ്കിലും നിയമനാംഗീകാരം ലഭിക്കാത്തതിനെത്തുടർന്ന് അപ്പീൽ സമർപ്പിച്ചതിൽ സൂപ്പർ ചെക്ക് സെൽ സ്കൂളിൽ പരിശോധന നടത്തുകയും 1:45 പ്രകാരം മൂന്ന് യു.പി.എസ്.ടി തസ്തിക കണ്ടെത്തിയിട്ടും നിയമനാംഗീകാരം സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം 1 ലെ

ഉത്തരവിൽ തന്റെ പേര് ഉൾപ്പെട്ടിട്ടില്ലായെന്നും ആയതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ തന്റെ നിയമനത്തിന് അംഗീകാരം നൽകണമെന്നുമാണ് ഹർജിക്കാരിയുടെ വാദം. നിയമനം അംഗീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഹർജിക്കാരിയെ ഉൾക്കൊള്ളിക്കാനുള്ള തസ്തിക 1:45 പ്രകാരം നിലനിന്നിരുന്നതിനാൽ ഹർജിക്കാരിയുടെ നിയമനത്തിന് അംഗീകാരം നൽകണമെന്ന് മൂന്നാം എതിർ കക്ഷിയും അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

മേൽ സ്കൂളിൽ 14/07/2011 മുതൽ പ്രതീക്ഷിത അധിക തസ്തികയിലേക്ക് ഹർജിക്കാരിയെ മാനേജർ ഫുൾടൈം അറബിക് അദ്ധ്യാപികയായി നിയമിച്ചിട്ടുണ്ട്. എന്നാൽ, ടിയാരിയെ ഉൾക്കൊള്ളാൻ വ്യവസ്ഥാപിതമായ തസ്തിക നിലവിലില്ലെന്നും ഏരിയാ ഇന്റൻസീവ് പ്രോഗ്രാം പ്രകാരം പ്രവർത്തിക്കുന്ന സ്കൂൾ ആയതിനാൽ അധിക തസ്തിക അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം ആവശ്യമാണെന്നും ആയത് ലഭിക്കാത്ത സാഹചര്യത്തിൽ അധിക തസ്തിക അനുവദിക്കാൻ കഴിയുകയില്ല എന്നുമുള്ള കാരണങ്ങളാൽ ടിയാരിയുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. പിന്നീട് അധിക തസ്തിക അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് സൂപ്പർചെക്ക് സെൽ ടി സ്കൂളിൽ പരിശോധന നടത്തുകയും 1:45 പ്രകാരം 3 യു.പി.എസ്.ടി തസ്തികയാകാമെന്ന് കണ്ടെത്തുകയും ചെയ്തു. എന്നാൽ ഹിന്ദി അറബിക് തസ്തിക അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്യാതിരുന്നതിനാൽ മാനേജർ അപ്പീൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 1/10/2019 ന് സൂപ്പർ ചെക്ക് സെൽ സ്കൂളിൽ വീണ്ടും പരിശോധന നടത്തുകയും 5 മുതൽ 7 വരെ ക്ലാസുകളിൽ ആകെ 475 കുട്ടികൾ ഉള്ള ടി സ്കൂളിൽ 1:45 അനുപാത പ്രകാരം 11 ക്ലാസ് ഡിവിഷനുകളും രണ്ട് ഫുൾടൈം അറബിക് അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നതിനുള്ള കുട്ടികൾ ലഭ്യമാണെന്നും 8 അദ്ധ്യാപകർ നിയമനാംഗീകാരത്തോടെയും 3 പേർ നിയമനാംഗീകാരമില്ലാതെയും അവിടെ ജോലി ചെയ്യുന്നുണ്ട് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട് . നിയമനാംഗീകാരം ലഭിക്കാത്ത ഹർജിക്കാരി ഉൾപ്പെടെയുള്ള സഹാദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനാവശ്യമായ തസ്തിക 2017-18 വർഷം സ്കൂളിൽ നിലവിലുണ്ടായിരുന്നുവെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കൂളിൽ 2 അറബിക് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിനാവശ്യമായ 44 പീരിയഡുകൾ ലഭ്യമായതിനാലും ഒരു അറബിക് അദ്ധ്യാപിക നിയമനാംഗീകാരത്തോടെ ജോലി ചെയ്തു വരുന്ന സാഹചര്യത്തിലും ഹർജിക്കാരിയുടെ നിയമനം ഫുൾടൈം ആയി അംഗീകരിക്കുവാൻ സ്കൂളിൽ തസ്തിക

നിലവിലുണ്ടെന്നും പരിശോധനാ സമയത്ത് നിയമനാംഗീകാരം ലഭിക്കാത്ത അറബിക് അദ്ധ്യാപികയുടെ കാര്യം സ്കൂൾ അധികൃതർ ശ്രദ്ധയിൽപ്പെടുത്താത്തതിനാലാണ് ആദ്യ സൂപ്പർ ചെക്ക് പരിശോധന റിപ്പോർട്ട് ലിസ്റ്റിൽ ഹർജിക്കാരിയുടെ പേര് ഉൾക്കൊള്ളിക്കാൻ കഴിയാതെ വന്നതെന്ന സൂപ്പർ ചെക്ക് ഓഫീസർ, കോഴിക്കോട് അറിയിച്ചതിന്റെയും നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർക്ക് അംഗീകാരം നൽകിക്കൊണ്ട് 06/03/2019 ൽ സർക്കാർ ഇറക്കിയ പരാമർശം 1 ലെ ഉത്തരവിൽ ഹർജിക്കാരിയുടെ പേര് വിട്ടു പോയിട്ടുള്ളതാണെന്നും പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ എളയൂർ എം.എ.ഒ.യു.പി സ്കൂളിലെ 2017-18 വർഷം മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവ് പുന: പരിശോധിച്ച് അധിക അറബിക് തസ്തിക അനുവദിച്ച് ശ്രീമതി. റസീന.കെയ്ക്ക് 2017-18 വർഷം മുതൽ ഫുൾ ടൈം അറബിക് ടീച്ചർ തസ്തികയിൽ നിയമനാംഗീകാരം നൽകുന്നതിന് അരീക്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം 3 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി റസീന.കെ, ഓങ്ങുങ്ങൽ ഹൗസ്, സൗത്ത് കൊടിയത്തൂർ, മുക്കം Via. കൊടിയത്തൂർ പിഒ. കോഴിക്കോട്-673 602
മാനേജർ, എം എ ഒ യു പി സ്കൂൾ എളയൂർ. ഇരുവെട്ടി പി ഒ . മലപ്പുറം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ. അരീക്കോട്, മലപ്പുറം ജില്ല-673639
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പൊതു ഭരണ (എസ് സി) വകുപ്പ്(ഇനം.നം.218)
വിവര പൊതു ജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*രഹസ്യം*

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-09-2021

ഇനം നം: 218

ഫയൽ നം. 226/എസ്.സി.3/2020/പൊ.വി.വ.

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - എളയൂർ എം. എ. ഒ. യു.പി.എസ്.ലെ അറബിക് ടീച്ചറായ ശ്രീമതി. റസീന.കെ-യുടെ നിയമനം ഫുൾ ടൈം തസ്തികയിൽ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | 226/എസ്.സി.3/2020/പൊ.വി.വ |
| 2. വകുപ്പ് | പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ് |
| 3. വിഷയം | എളയൂർ എം എ ഒ യു പി എസി ലെ അറബിക് ടീച്ചറായ ശ്രീമതി.റസീന.കെ യുടെ നിയമനം ഫുൾ ടൈം തസ്തികയിൽ അംഗീകരിക്കുന്നത് -സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 17/07/2021 |
| 5. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? ഉള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | പൊതു വിദ്യാഭ്യാസ(ഡി) വകുപ്പ് ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.കെ .നന്ദകുമാർ |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 31/08/2021 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ വി പി ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31/08/2021 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.വി. ശിവൻകുട്ടി |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 31/08/2021 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 31/08/2021 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

എളയൂർ എം.എ.ഒ.യു.പി.എസിലെ അറബിക് ടീച്ചറായ ശ്രീമതി. റസീന.കെ യുടെ നിയമനം ഫുൾടൈം തസ്തികയിൽ അംഗീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. എളയൂർ എം.എ.ഒ.യു.പി.എസിലെ അറബിക് ടീച്ചറായ ശ്രീമതി. റസീന.കെ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 13072/2020 ന്റെ 01/07/2020 ലെ വിധിന്യായത്തിൽ ശ്രീമതി റസീന.കെ സർക്കാരിൽ ഫയൽ ചെയ്ത റിവിഷൻ ഹർജി ടിയാരിയെ നേരിൽ കേട്ടതിനു ശേഷം മൂന്നു മാസത്തിനകം തീർപ്പാക്കാൻ ഉത്തരവായിരുന്നു. 14/07/2011 മുതൽ എളയൂർ എം.എ.ഒ.യു.പി.എസിലെ ഫുൾടൈം അറബിക് ടീച്ചറായി ജോലി ചെയ്തു വരുന്ന ശ്രീമതി. റസീന.കെ.യുടെ നിയമനം അംഗീകരിക്കണമെന്നതായിരുന്നു ടിയാരിയുടെ റിവിഷൻ ഹർജിയിലെ ആവശ്യം. കോടതി ഉത്തരവ് പ്രകാരം 12/09/2020 ന് ഹർജിക്കാരിയെ നേരിൽ കേൾക്കുകയും ഇതു സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തിരുന്നു. ടി സ്കൂളിൽ രണ്ടാമത്തെ അറബിക് അധ്യാപിക തസ്തികയിലെ ഹർജിക്കാരിയുടെ നിയമനം ഫുൾടൈം അയി അംഗീകരിക്കുന്നതിനുള്ള പിരീയഡുകളും, അതുമൂലം തസ്തികയും നിലവിലുണ്ടെന്നും അധികൃതരുടെ അശ്രദ്ധ മൂലമാണ് അംഗീകാരം ലഭിക്കേണ്ട അദ്ധ്യാപകരുടെ ലിസ്റ്റിൽ ടിയാരിയുടെ പേര് ഉൾപ്പെടാതിരുന്നതെന്നും ഹർജിക്കാരിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്നും ഉള്ള കാര്യം പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നു.

3. പ്രസ്തുത സാഹചര്യത്തിൽ ഹർജിക്കാരിയുടെ ഫുൾടൈം അറബിക് തസ്തികയിലെ നിയമനത്തിന് അംഗീകാരം നൽകുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കിക്കൊണ്ട് ശ്രീമതി. റസീന.കെയുടെ റിവിഷൻ ഹർജി തീർപ്പാക്കാവുന്നതാണെങ്കിലും ടി സ്കൂൾ ഏരിയ ഇൻസെന്റീവ് പ്രോഗ്രാം(AIP) ൽ ഉൾപ്പെട്ടതാകയാൽ പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

"ഇളയൂർ എം.എ.ഒ.യു.പി. സ്കൂളിൽ രണ്ടാമത്തെ അറബിക് അധ്യാപക തസ്തിക അനുവദിക്കുവാൻ ആവശ്യമായ പീരിയഡ് ലഭ്യമാണെന്നും, സ്കൂളിൽ അറബി പഠിപ്പിക്കാൻ മൊത്തം 44 പീരിഡുകൾ ലഭ്യമായതിനാൽ രണ്ടാമത്തെ അറബിക് അദ്ധ്യാപിക, ശ്രീമതി റസീന കെ യുടെ നിയമനം ഫുൾ ടൈം ആയി അംഗീകരിക്കുവാൻ സ്കൂളിൽ തസ്തിക നിലവിലുണ്ടെന്നും, പരിശോധന സമയത്ത് നിയമനാംഗീകാരം ലഭിക്കാത്ത അറബിക് അധ്യാപികയുടെ കാര്യം സ്കൂൾ അധികൃതർ ശ്രദ്ധയിൽപ്പെടുത്താത്തതുകൊണ്ടാണ് അന്ന് ലിസ്റ്റിൽ ഉൾകൊള്ളിക്കുവാൻ കഴിയാതെ വന്നത് എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 2003 ന് ശേഷം നിയമിതരായ 67 അദ്ധ്യാപക തസ്തികകൾ അംഗീകരിച്ചത് മന്ത്രിസഭാ തീരുമാനപ്രകാരമാണ്. മേൽ സാഹചര്യത്തിൽ ശ്രീമതി റസീന.കെയുടെ നിയമനം ഒരു പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭയുടെ തീരുമാനത്തോടെ അംഗീകാരം നല്കുന്നതായിരിക്കും ഉചിതമെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ് ".

4. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

5. ഉത്തരവിൻ പ്രകാരം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾപ്പെടുത്തിക്കൊണ്ട് ഫയൽ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവിട്ടിരുന്നു.

6. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് നൽകിയപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"2017-18 അധ്യയന വർഷം മുതലാണ് രണ്ട് അറബിക് അധ്യാപക തസ്തിക സൃഷ്ടിക്കാനാവശ്യമായ കുട്ടികൾ ഉള്ളതെന്ന് Super check cell റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഒരു അറബിക് അധ്യാപക തസ്തിക സൃഷ്ടിച്ച് ശ്രീമതി റസീന.കെ യ്ക്ക് മന്ത്രിസഭയുടെ തീരുമാനത്തോടെ 2017-18 അധ്യയന വർഷം പ്രാബല്യത്തിൽ അംഗീകാരം നൽകാവുന്നതാണ്. തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ് എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു.

ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."

7. ആയതിനാൽ എളയൂർ എം എ ഒ യു പി എസിലെ 2017-18 വർഷം മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് അധിക അറബിക് തസ്തിക അനുവദിച്ച് ശ്രീമതി. റസീന.കെയ്ക്ക് ഫുൾ ടൈം അറബിക് തസ്തികയിൽ നിയമനാംഗീകാരം നൽകേണ്ടതുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

എളയൂർ എം എ ഒ യു പി എസിലെ 2017-18 വർഷം മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് അധിക അറബിക് തസ്തിക അനുവദിച്ച് ശ്രീമതി. റസീന.കെയ്ക്ക് 2017-18 വർഷം മുതൽ ഫുൾ ടൈം അറബിക് ടീച്ചർ തസ്തികയിൽ നിയമനാംഗീകാരം നൽകുന്നതിന് അനുമതി നൽകാമോ?

## GOVERNMENT OF KERALA
## (Sri.PINARAYI VIJAYAN MINISTRY)

### Note for Council of Ministers

| | |
|---|---|
| 1. File No. | 226/SC3/2020/G.EDN |
| 2. Department | GENERAL EDUCATION (SC) DEPARTMENT |
| 3. Subject | Approval for the Appointment of Smt.Raseena K. Arabic Teacher .MAOUPS. Elayur. in the full time post-reg |
| 4. Date of Chief Minister's order for placing before the Council | 17/7/2021 |
| 5. Does the case involve financial commitment/implications and if so, has the Finance Department been consulted and their remarks incorporated in the Note for the Council? | Yes<br>Yes |
| 6. Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | General Education (D) Department<br>Yes |
| 7. Name of Additional Secretary who submitted the Draft Note | Sri.K.Nandakumar |
| 8. Name of Principal Secretary who approved the Draft Note | Shri. A.P.M.MOHAMMED HANISH |
| 9. Date of approval of the Draft Note for the Council by the Principal Secretary | 31/08/2021 |
| 10. Name of Chief Secretary who approved the Draft Note | Dr V P Joy |
| 11. Date of approval of the Draft Note for the Council by the Chief Secretary | 31/08/2021 |
| 12. Name of Minister who approved the Draft Note | Sri.V .Sivankutty |
| 13. Date of approval of the Draft Note for the Council by the Minister. | 31/08/2021 |
| 14. Date of submission of fair copies | 31/08/2021 |
| 15. Date of decision by the Council of Ministers | |
| 16. Number and date of the Government Order/letter communicating the decision. | |

## Note for the Council of Ministers

This note deals with the approval of appointment of Smt.Raseena.K Arabic Teacher, Elayur M A O U P School, in a full time post .

2. In the judgment dated 01/07/2020 in WP (C)No.13072/2020 filed by Smt.Raseena K, Arabic Teacher ,Elayur M A O U P School the Hon'ble High Court has ordered to dispose of the revision petition filed by Smt. Raseena K before Government within a period of three months, after hearing the petitioner. In the revision petition Smt. Raseena has requested to approve her appointment as full time Arabic Teacher. As per the direction of the Hon'ble High Court the petitioner was heard on 12/09/2020 and the matter was examined based on the existing rules, orders and the report of the concerned educational officers in detail. It is clear that there was sufficient periods and hence the post is available for the approval of the petitioner for the post of second Arabic Teacher . It is ascertained that there was no fault from the part of the petitioner, but it was due to the negligence of the authorities that her name was not included in the list of teachers for approval of appointment.

3. In the above circumstances the revision petition submitted by Smt.Raseena. K could be disposed of by giving direction to Assistant Educational Officer for appointing her as full time teacher. Since the school is included under the Area Incentive Program(AIP), file was forwarded to General Education(D) Department for remarks. The Department remarked as follows:

"ഇളയൂർ എം.എ.ഒ.യു.പി. സ്കൂളിൽ രണ്ടാമത്തെ അറബിക് അധ്യാപക തസ്തിക അനുവദിക്കുവാൻ ആവശ്യമായ പീരിയഡ് ലഭ്യമാണെന്നും, സ്കൂളിൽ അറബി പഠിപ്പിക്കാൻ മൊത്തം 44 പീരിഡുകൾ ലഭ്യമായതിനാൽ രണ്ടാമത്തെ അറബിക് അദ്ധ്യാപിക, ശ്രീമതി റസീന കെ യുടെ നിയമനം ഫുൾ ടൈം ആയി അംഗീകരിക്കുവാൻ സ്കൂളിൽ തസ്തിക നിലവിലുണ്ടെന്നും, പരിശോധന സമയത്ത് നിയമനാംഗീകാരം ലഭിക്കാത്ത അറബിക് അധ്യാപികയുടെ കാര്യം സ്കൂൾ അധികൃതർ ശ്രദ്ധയിൽ പെടുത്താത്തതുകൊണ്ടാണ് അന്ന് ലിസ്റ്റിൽ ഉൾകൊള്ളിക്കുവാൻ കഴിയാതെ വന്നത് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 2003 ന ശേഷം നിയമിതരായ 67 അദ്ധ്യാപക തസ്തികകൾ അംഗീകരിച്ചത് മന്ത്രിസഭാ തീരുമാനപ്രകാരമാണ്. മേൽ സാഹചര്യത്തിൽ

ശ്രീമതി റസീന. കെ യുടെ നിയമനം ഒരു പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭയുടെ തീരുമാനത്തോടെ അംഗീകാരം നല്കുന്നതായിരിക്കും ഉചിതമെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ് ".

4. Hon'ble Chief Minister ordered to place the matter before Council of Ministers for consideration.

5. As per the order draft note for Council of Ministers were submitted. Chief Secretary ordered to incorporate the remarks of Finance Department.

6. Hence file was forwarded to Finance Department for remarks and that Department remarked as follows:

"2017-18 അധ്യയന വർഷം മുതലാണ് രണ്ട് അറബിക് അധ്യാപക തസ്തിക സൃഷ്ടിക്കാനാവശ്യമായ കുട്ടികൾ ഉള്ളതെന്ന് Super check cell റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഒരു അറബിക് അധ്യാപക തസ്തിക സൃഷ്ടിച്ച് ശ്രീമതി റസീന.കെ യ്ക്ക് മന്ത്രിസഭയുടെ തീരുമാനത്തോടെ 2017-18 അധ്യയന വർഷം പ്രാബല്യത്തിൽ അംഗീകാരം നൽകാവുന്നതാണ്. തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ് എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു.

ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."

7. Hence the staff fixation report of the Elayur M A O U P School from the academic year 2017-18 may be revised to sanction additional full time Arabic post for giving the approval of appointment of Smt.Raseena.K.

**Points for decision**

Whether sanction may be accorded for revising the staff fixation order of Elayur M A O U P School from 2017-18 onwards and for sanctioning an additional post of full time Arabic Teacher for approving the appointment of Smt.Raseena .K in that post .